# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 882 10.02.2016 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ. കെ.രാജു<br>ശ്രീ.കെ.അജിത്<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ പദ്ധതികളിൽ ശുദ്ധീകരണ സംവിധാനമില്ലാത്ത പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(എ) ജലനിധി പദ്ധതി പ്രകാരം സംസ്ഥാനത്തെ 8 ജില്ലകളിൽ ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട ജലവിതരണ പദ്ധതികളാണ് മുഖ്യമായും നടപ്പിലാക്കുന്നത്. ബൃഹത്തായ ശുചീകരണ സംവിധാനങ്ങൾ ഇത്തരം പദ്ധതിയിൽ ഉപയോഗിക്കുന്നില്ല. ചെറുകിട ശുചീകരണ പ്രക്രിയകളായ ഇൻഫിൽട്ടറേഷൻ ഗ്യാലറി, ക്ലോറിനേഷൻ എന്നിവ നടത്തി അണുവിമുക്തമാക്കിയാണ് ജലം വിതരണം ചെയ്യുന്നത്.

കേരള ജല അതോറിറ്റിയുടെ കീഴിൽ ശുദ്ധീകരണ സംവിധാനം ഇല്ലാത്ത പദ്ധതികൾ ഒന്നും തന്നെ ഇല്ല. ശുദ്ധീകരണശാലകൾ ഉള്ള പ്രധാന ശുദ്ധജലവിതരണ പദ്ധതികളെല്ലാം കൊയാഗുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ തുടങ്ങിയ ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷമാണ് ജലവിതരണം നടത്തുന്നത്. ജലശുദ്ധീകരണശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശേഖരിക്കുന്ന ജലം ബ്ലീച്ചിങ് പൗഡർ കലർത്തി അണുവിമുക്തമാക്കിയാണ് വിതരണം നടത്തുന്നത്. ഇത്തരത്തിൽ ശുദ്ധീകരണ ശാലകളില്ലാത്ത 914 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 95 എണ്ണം |
| 2 | കൊല്ലം | - | 63 എണ്ണം |
| 3 | പത്തനംതിട്ട | - | 62 എണ്ണം |
| 4 | കോട്ടയം | - | 81 എണ്ണം |
| 5 | ആലപ്പുഴ | - | 66 എണ്ണം |
| 6 | എറണാകുളം | - | 17 എണ്ണം |
| 7 | ഇടുക്കി | - | 82 എണ്ണം |
| 8 | തൃശ്ശൂർ | - | 57 എണ്ണം |
| 9 | കോഴിക്കോട് | - | 79 എണ്ണം |
| 10 | വയനാട് | - | 19 എണ്ണം |

| | | | |
|---|---|---|---|
| 11 | കണ്ണൂർ | - | 123 എണ്ണം |
| 12 | കാസർഗോഡ് | - | 75 എണ്ണം |
| 13 | പാലക്കാട് | - | 68 എണ്ണം |
| 14 | മലപ്പുറം | - | 27 എണ്ണം |
| | | | **914 എണ്ണം** |

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധീകരിച്ച കുടി വെള്ളം എത്തിച്ചുകൊടുക്കുന്നതിന് എന്തു പദ്ധതികളാണുള്ളത്; വിശദമാക്കുമോ;

(ബി) കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെയും JICA, NABARD തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി വിവിധ ശുദ്ധ ജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്പോൾ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളിലൂടെയും ഇപ്രകാരം പുതുതായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിച്ചു കൊടുക്കുവാനാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന എത്ര കുടിവെള്ള വിതരണ പദ്ധതി കളുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) 3 എണ്ണം

സെക്ഷൻ ഓഫീസർ